കേരള സർക്കാർ
പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## KEAM - 2026

## എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2026 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് എന്നിവയുടെ താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് **'KEAM 2026-Candidate Portal'** -ലെ **'Provisional Allotment List'** എന്ന മെനു ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് ഫീസ് അടയ്ക്കുന്നതിനും ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും കോഴ്സുകൾ/കോളേജുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ ഒഴിവാക്കുന്നതിനും, ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും 16.07.2026, 11.59 PM വരെ വിദ്യാർത്ഥികൾക്ക് അവസരം നൽകിയിരുന്നു. 16.07.2026, 11.59 PM വരെ മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയായവരുടെ ഓപ്ഷനുകൾ പരിഗണിച്ചാണ് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം " Engineering Provisional Allotment List "എന്ന വിഷയം പരാമർശിച്ച് 18.07.2026 **ഉച്ചയ്ക്ക്** 2.00 **മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ

മുഖാന്തിരം" B.Arch Provisional Allotment List" എന്ന വിഷയം പരാമർശിച്ച് 18.07.2026 ഉച്ചയ്ക്ക് 2.00 മണിക്കുള്ളിൽ അറിയിക്കേണ്ടതാണ്. സാധുവായ പരാതികളുണ്ടെങ്കിൽ അവ പരിഹരിച്ച ശേഷം അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

തിരുവനന്തപുരം

17.07.2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**